**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1482** **28-07-2021 - ൽ മറുപടിയ്ക്ക്**

**വനിതാ കമ്മീഷന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ . സണ്ണി ജോസഫ് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്ത്രീപീഡനങ്ങളും സ്ത്രീധന മരണങ്ങളും വർദ്ധിക്കുന്ന സാഹചര്യത്തിൽ അവർക്ക് നീതി ഉറപ്പാക്കുന്നതിനായുള്ള വനിതാ കമ്മീഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് സ്ത്രീ പീഡനങ്ങളും സ്ത്രീധന പീഡനത്തെത്തുടർന്നുള്ള ആത്മഹത്യകൾ ഉണ്ടാകുന്നതും വനിതാ കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് കണക്കിലെടുത്ത് നിലവിലുള്ള 1961 ലെ സ്ത്രീധന നിരോധന ആക്ട്, 1985-ലെ സ്ത്രീധന നിരോധന ചട്ടങ്ങൾ, 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ, (പൊതു) ചട്ടങ്ങൾ എന്നിവയിൽ ഭേദഗതികൾ വരുത്തുന്നതു സംബന്ധിച്ച് കേരള വനിതാ കമ്മീഷൻ സമർപ്പിച്ച ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള കേസുകളിൽ പ്രതികളുടെ രാഷ്ട്രീയം നോക്കി വനിതാ കമ്മീഷൻ പോലുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്ന ആക്ഷേപം ഉയർന്നിട്ടുണ്ടോ; എങ്കിൽ അത് പരിശോധിച്ചിട്ടുണ്ടോ; | (ബി) | കേരള വനിതാ കമ്മീഷനിൽ ലഭിക്കുന്ന പരാതികളിന്മേൽ ചട്ടപ്രകാരമുള്ള നടപടികളാണ് സ്വീകരിക്കുന്നത്. |
| (സി) | മുരിങ്ങൂർ പീഡനകേസിൽ പ്രതികളെ രക്ഷിക്കാൻ മുൻ വനിതാ കമ്മീഷൻ അധ്യക്ഷ ഇടപെട്ടു എന്ന ഇരയുടെ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സംഭവത്തിൽ പോലീസ് അന്വേഷണത്തിൽ വീഴ്ച സംഭവിച്ചു എന്ന ആരോപണം അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മുരിങ്ങൂർ പീഡനക്കേസിൽ കേരള വനിതാ കമ്മീഷൻ പരാതി രജിസ്റ്റർ ചെയ്തിട്ടുണ്ട്. തൃശ്ശൂർ എസ്. പി, ആളൂർ സി. ഐ എന്നിവർ പ്രതിയെ സഹായിക്കുന്ന നിലപാടാണ് സ്വീകരിക്കുന്നതെന്ന് ഈ കേസിൽ ഇരയായിട്ടുള്ള പരാതിക്കാരി തന്റെ പരാതിയിൽ ആക്ഷേപം ഉന്നയിച്ച സാഹചര്യത്തിൽ, പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ അടിയന്തിര അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന് ഉത്തര മേഖല ഐ. ജിയ്ക്ക് 05/07/2021-ന് കേരള വനിതാ കമ്മീഷൻ നിർദേശം നൽകിയിട്ടുണ്ട്. |
| (ഡി) | വണ്ടിപെരിയാറിലും, വാളയാറിലും, പാലത്തായിയിലും നടന്ന സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമ കേസുകളിൽ പോലീസ് | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വണ്ടിപ്പെരിയാറിൽ ആറു വയസ്സുകാരിയെ പീഡിപ്പിച്ചശേഷം കെട്ടിത്തൂക്കി കൊലപ്പെടുത്തിയ സംഭവം സംബന്ധിച്ച് |

| | | | |
|---|---|---|---|
| | അന്വേഷണം കാര്യക്ഷമമല്ല എന്ന ആക്ഷേപം ഉള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; സമാനമായ കേസുകളിൽ ഇരകൾക്ക് നീതി ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ? | | വണ്ടിപ്പെരിയാർ പൊലീസ് സ്റ്റേഷൻ ക്രൈം നം. 598/2021 U/s 174 CrPC altered to 449, 302, 376(2)(n)(m), 376(3)IPC&Sec 4R/w 3a,6 r/w 5(i)(1)(m), 10 r/w 9(i)(1)(m) of POCSO Act 2012 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് പ്രസ്തുത കേസിലെ പ്രതിയായ അർജ്ജുൻ S/o സുന്ദർ എന്നയാളെ അറസ്റ്റ് ചെയ്ത് 05/07/2021 തീയതി പീരുമേട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി- II മുമ്പാകെ ഹാജരാക്കിയിട്ടുണ്ട്. കേസിൽ ശാസ്ത്രീയ തെളിവുകൾ ശേഖരിക്കുന്നതിനുള്ള ഊർജിത അന്വേഷണം നടന്നു വരുന്നു. വാളയാർ പീഡനകേസ് സി ബി ഐ-യ്ക്ക് കൈമാറിയിട്ടുള്ളതും നിലവിൽ സി ബി ഐ പ്രസ്തുത കേസ് അന്വേഷിക്കുകയും ചെയ്തു വരുന്നു. പാലത്തായി കേസ് അന്വേഷണം പൂർത്തിയാക്കി തലശ്ശേരി അഡീഷണൽ ജില്ലാ സെഷൻസ് കോടതി- I (POCSO കോടതി)-ൽ 28/06/2021 തീയതി കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. ഇത്തരം കേസുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ ഇരകൾക്ക് നീതി ലഭിക്കുന്നതിനായുള്ള ശക്തമായ ഇടപെടലുകൾ സർക്കാർ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ